LIBRARY ARCHIVES Kerala Legislative Assembly

സഹകരണ പെൻഷൻകാർക്ക് ക്ഷാമബത്ത

266(5425) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ മേഖലയിലെ പെൻഷൻകാർക്ക് ജീവിത നിലവാര സൂചികയ്ക്കാനുപാതികമായി ക്ഷാമബത്ത അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കേരള സംസ്ഥാന സഹകരണ എംപ്ലോയീസ് പെൻഷൻ ബോർഡിൽ നിന്നും പെൻഷൻ വാങ്ങിവരുന്ന പെൻഷൻകാർക്ക് 26-2-2021-ലെ സ.ഉ. (സാധാ)നമ്പർ 176/2021/സഹ പ്രകാരം 1-3-2021 പ്രാബല്യത്തിൽ പെൻഷൻ പരിഷ്കരിച്ച് ഉത്തരവായിട്ടുള്ളതാണ്. എല്ലാ വിഷയങ്ങളും പരിഗണിച്ചാണ് പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയത്.

സഹകരണ റിക്രൂട്ട്മെന്റ് ബോർഡ്

267(5426) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഒഴിവുകൾ നികത്തുന്നതിന് രൂപം കൊടുത്ത റിക്രൂട്ട്മെന്റ് ബോർഡ് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്ന രീതി വിശദമാക്കാമോ?

കേരള സഹകരണ സംഘം ആക്ട് 1969-ലെ വകുപ്പ് 80 ബി അനുസരിച്ച് കേരളത്തിലെ പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നീ സംഘങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലാർക്ക് മുതൽ മുകളിലോട്ടുള്ള എല്ലാ തസ്തികകളിലേയ്ക്കും എഴുത്തുപരീക്ഷ നടത്തുന്നതിന് വേണ്ടിയാണ് ബോർഡ് രൂപീകരിച്ചിട്ടുള്ളത്. സംഘം/ബാങ്കുകളിൽ വരുന്ന ഒഴിവുകളിൽ പരീക്ഷാ ബോർഡ് വിജ്ഞാപനം നടത്തി ഒ.എം.ആർ പരീക്ഷ നടത്തുന്നു. ഇന്റർവ്യൂവിന് അർഹരായ ഒരൊഴിവിന് പതിനഞ്ച് ഉദ്യോഗാർത്ഥികളെ വീതം സംഘം/ബാങ്കിന് നൽകുന്നു. സംഘം/ബാങ്ക് അഭിമുഖം നടത്തി പരീക്ഷാ ബോർഡിന് നൽകുന്ന ലിസ്റ്റ് അനുസരിച്ച് പരീക്ഷാ ബോർഡ് റാങ്ക് ലിസ്റ്റ് തയ്യാറാക്കി ഒഴിവുകളിലേയ്ക്ക് അഡ്വൈസ് ചെയ്യുന്നു. തുടർന്ന് സംഘം/ബാങ്ക് നിയമനം നടത്തുന്നു. ഒ.എം.ആർ പരീക്ഷ 80 മാർക്കിനും ഇന്റർവ്യൂ 15 മാർക്കിനും ആണ് നടത്തുക.